.

**സന്ദേശം**

258/NSS/DHSE/2014 18/12/2014

നാഷണൽ സർവ്വീസ് സ്കീം ഹയർ സെക്കണ്ടറി വിഭാഗം മറ്റു വർഷങ്ങളിൽ നിന്നു വ്യത്യസ്തമായി ഈ വർഷം 505 സപ്തദിന സ്പെഷ്യൽ ക്യാമ്പുകൾ 14 ജില്ലകളിലുമായി സംഘടിപ്പിക്കുന്നു. എൻഎസ്എസ് പ്രവർത്തനങ്ങളിൽ ഒരു കൂട്ടായ്മയുടെ ദിനങ്ങളാണ് ക്രിസ്മസ് അവധിക്കാലം പ്രദാനം ചെയ്യുന്നത്. ഈ ക്യാമ്പ് ദിനങ്ങളിൽ എൻഎസ്എസ് അംഗങ്ങളും ഇതര വിദ്യാർത്ഥി സമൂഹവും, അധ്യാപകരും, പ്രോഗ്രാം ഓഫീസർമാരും, പ്രിൻസിപ്പൽമാരും പിടിഎ അംഗങ്ങളും സമൂഹത്തിൽ വിവിധ തട്ടിലുള്ളവരും നിയമസഭാ സാമാജികരും, മുഖ്യമന്ത്രി ഉൾപ്പെടെ മന്ത്രിമാരും സജീവമായി പങ്കെടുക്കുന്നു. ഹയർ സെക്കണ്ടറി തലത്തിലും സർവ്വകലാശാലാ തലത്തിലും രണ്ടു ദേശീയാംഗീകാരങ്ങൾ തുടരെ നേടിക്കൊണ്ട് ഇതര സംസ്ഥാനങ്ങൾക്ക് കേരളം മാതൃകയാണ്. ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഈ വർഷം മികച്ച യൂണിറ്റിനും പ്രോഗ്രാം ഓഫീസർക്കും ഉള്ള ദേശീയ ബഹുമതി ആലപ്പുഴ ജില്ലയിലെ ആയാപറമ്പു സ്കൂൾ പ്രിൻസിപ്പലും ശ്രീ.ബിജുകുമാറും രാഷ്ട്രപതിയിൽ നിന്നും ഏറ്റുവാങ്ങി.

ക്യാമ്പ് ദിനങ്ങൾ കൂട്ടായ പ്രവർത്തനങ്ങളുടെ മാതൃകയാക്കുവാൻ എല്ലാവരും ശ്രമിക്കുന്നുണ്ട്. ക്യാമ്പിൽ ചിലവഴിക്കുന്ന ഓരോ മണിക്കൂറും നിങ്ങളുടെ ജീവിതത്തിലെ എന്നും ഓർമ്മിക്കപ്പെടുന്ന ദിനങ്ങളാക്കുവാൻ ശ്രമിക്കുക. ശ്രമദാനവും, ജീവിതശൈലീ രോഗങ്ങളുടെ ബോധവൽക്കരണവും ഹരിതം ഹരിതസ്പർശത്തിന്റെ രണ്ടാംഘട്ടം തുടങ്ങിയവയാണ് വിഷയങ്ങളായി നൽകിയിരിക്കുന്നത്. വോളണ്ടിയർമാരുടെ നൈപുണ്യപ്രവർത്തനങ്ങൾ, പ്രസംഗം, സംഗീതം, മറ്റു കലാ പ്രവർത്തനങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ ക്യാമ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. യൂണിറ്റ് തലത്തിൽ പ്രോഗ്രാം ഓഫീസറും പ്രിൻസിപ്പലും, ജില്ലാതലത്തിൽ ജില്ലാ പ്രോഗ്രാം കൺവീനർമാരും, മേഖലാതലത്തിൽ മേഖലാ പ്രോഗ്രാം കൺവീനർമാരും ,സംസ്ഥാനതലത്തിൽ മുഖ്യമന്ത്രിയും മറ്റുമന്ത്രിമാരും ഡയറക്ടറും മേഖല യൂത്ത്

ഓഫീസറും സ്റ്റേറ്റ് ലെയ്സൻ ഓഫീസറും അടങ്ങുന്ന സമിതികൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ഇവരുടെ കൂട്ടായ്മയിൽ സംസ്ഥാന ജില്ലാ പോലീസ് അധികാരികളും പങ്കെടുക്കുന്നു. ഡിസംബർ 21-ാം തീയതി രാവിലെ 10 മണിക്ക് കോട്ടയം മണർകാട് മാലം ഗവ.യുപിഎസിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സപ്തദിന ക്യാമ്പുകളുടെ ഉദ്ഘാടനം നിർവ്വഹിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ഉദ്ഘാടന സമ്മേളനത്തിൽ സ്റ്റേറ്റ് ലെയ്സൺ ഓഫീസറും മേഖലാ യൂത്ത് ഓഫീസറും പങ്കെടുക്കുന്നു. വോളണ്ടിയർമാർക്കൊപ്പം അധ്യാപകരും പൊതു സമൂഹവും ക്യാമ്പിന്റെ പ്രവർത്തനങ്ങൾക്ക് സജീവ പങ്കാളിത്തം ഉറപ്പാക്കണം. " ശുചിത്വ ഭാരതം സുന്ദരഭാരതം" എന്ന ആശയം ഉൾക്കൊണ്ട് യുവാക്കൾ മാലിന്യത്തിനും രോഗത്തിനും എതിരെ എന്ന മുദ്രാവാക്യം ബോധവൽക്കരണ പ്രവർത്തനമായി നടത്തണം. ക്യാമ്പിന്റെ കൂട്ടായ്മയുടെ വിജയം ക്യാമ്പിന്റെ അവസാന ദിനങ്ങളിൽ തീർച്ചയായും പ്രകടമാകും. വോളണ്ടിയർമാർക്കും പ്രോഗ്രാം ഓഫീസർമാർക്കും പ്രിൻസിപ്പൽമാർക്കും മറ്റു സംഘാടകസമിതി അംഗങ്ങൾക്കും ക്രിസ്മസ് പുതുവർഷ ആശംസകൾ നേരുന്നു.

ഹയർ സെക്കണ്ടറി ഡയറക്ടറുടെ ആശംസയും പ്രത്യേകമായി അറിയിക്കുന്നു.

ഒപ്പ്
പ്രോഗ്രാം കോ ഓഡിനേറ്റർ